**യാത്രക്കിടയിൽ**


സാംകുട്ടി ചാക്കോ
നിലമ്പൂർ


# ഉപവാസവും ശുദ്ധീകരണവും



കുമ്പനാട്ടെ 40 ദിന ഉപവാസ പ്രാർത്ഥന 12 ദിവസം പൂർത്തിയായിരിക്കുന്നു. കുറച്ചു ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും ഇരിക്കണമെന്ന് ഞാനും ആഗ്രഹിക്കുന്നു. വ്യക്തിപരമായി ഉപവസിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും വിശ്വാസമുള്ളയാളാണ് ഞാൻ. അവസരം ലഭിക്കുമ്പോൾ മൂന്നു ദിവസമോ ഏഴു ദിവസമോ ഒക്കെ ഉപവസിക്കാറുണ്ട്. ഒരിക്കൽ മാത്രമേ 21 ദിവസം തുടർച്ചയായി ഉപവസിച്ചിട്ടുള്ളു. ഒരിക്കൽ പോലും എന്തെങ്കിലും ഭൗതിക കാര്യങ്ങളുടെ വിടുതലിന് വേണ്ടിയോ അനുഗ്രഹങ്ങൾക്ക് വേണ്ടിയോ ഞാൻ ഉപവസിച്ചിട്ടില്ല. ഭൗതീക ആവശ്യങ്ങൾക്ക് വേണ്ടി ഉപവസിക്കുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. എന്റെ പ്രാർത്ഥനകൾ എന്റെ തന്നെ ആത്മീയ നവോത്ഥാനത്തിനും ആത്മസമർപ്പണത്തിനും വേണ്ടിയായിരുന്നു.

ഉപവാസം സംബന്ധിച്ച വ്യത്യസ്തമായ ആശയങ്ങളും അഭിപ്രായങ്ങളും ഉണ്ടായേക്കാം. പുതിയ നിയമ സഭക്ക് ഉപവാസം അനിവാര്യമല്ലെന്ന് ചിന്തിക്കുന്നവർ ഉണ്ട്. എന്റെ വ്യക്തിപരമായ അനുഭവത്തിൽ ഉപവാസവും പ്രാർത്ഥനയും ആത്മ ശുദ്ധീകരണത്തിന്റെയും ദൈവീക സാന്നിധ്യം അനുഭവിക്കുന്നതിന്റേയും മികവുറ്റ മാർഗ്ഗമാണ്. പക്ഷേ ഉപവാസ പ്രാർത്ഥന ആഘോഷമാക്കിമാറ്റുന്നത് എത്രത്തോളം ഫലകരമാകും എന്നെനിക്കറിയില്ല. കുമ്പനാട്ടെ പ്രാർത്ഥന സത്യം പറഞ്ഞാൽ പാസ്റ്റർ ജേക്കബ് ജോണിന്റെ തിരഞ്ഞെടുപ്പ് പ്രഖ്യാപനമായിരുന്നു. അദ്ദേഹത്തിന്റെ പ്രഖ്യാപനത്തെ സഭ ഏറ്റെടുത്തപ്പോൾ അത് സഭയുടെ മാറ്റത്തിന്റെ ആദ്യ ചുവടുവെപ്പായെന്ന് ഞാൻ കരുതുന്നു. എനിക്ക് ഏറ്റവും സന്തോഷവും ബഹുമാനവും തോന്നിയ ഒരു കാര്യം ഇക്കൂടെ പറയട്ടെ. 40 ദിവസ ഉപവാസ പ്രാർത്ഥന ഉദ്ഘാടനം ചെയ്തത് പാസ്റ്റർ ടി.എസ് ഏബ്രഹാമാണ്. കുലീനമായ വാക്കുകൾ കൊണ്ട് വളരെ പക്വമായ നിലയിൽ അദ്ദേഹം ആ കർത്തവ്യം നിർവ്വഹിച്ചു. തന്റെ പുത്രനെ തിരഞ്ഞെടുപ്പിലൂടെ പരാജയപ്പെടുത്തിയ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസം ഉദ്ഘാടനം ചെയ്യുന്നതിൽ നിന്ന് വേണമെങ്കിൽ അദ്ദേഹത്തിന് പിന്മാറാമായിരുന്നു. അദ്ദേഹം കാണിച്ച വിവേകവും മാന്യതയും ആദരിക്കപ്പെടേണ്ടതാണ്. ഒരു കാര്യം കൂടെ പിതാവിന്റെ ആഢ്യത്വം പുത്രനും കാണിക്കുവാൻ സാധിച്ചാൽ റവ.വത്സൻ ഏബ്രഹാം അവസാന ദിവസങ്ങളിലെങ്കിലും ഉപവാസ പന്തലിലെത്തി രണ്ടുദിവസമെങ്കിലും ഇരിക്കണം. അദ്ദേഹത്തിന്റെ ഐ.പി.സിയിലെ ഭാവി ശുഭകരമാകുവാൻ ഏറ്റവും ബുദ്ധിപരമായ നീക്കമായിരിക്കും അത് (റവ.വത്സൻ ഏബ്രഹാമിന്റെ ഇപ്പോഴത്തെ ഉപദേശകർ മിക്കവാറും ഇത് സമ്മതിക്കാൻ തരമില്ല. ആ ഉപദേശകരാണല്ലോ അദ്ദേഹത്തിന്റെ തോൽവിയുടെ കാരണക്കാർ. അവരാണല്ലോ വത്സൻ ഏബ്രഹാമിനെക്കൊണ്ട് വൃത്തികെട്ട ഒരു കത്തെഴുതിച്ച് സഭകൾക്ക് മുഴുവൻ അയപ്പിച്ചത്).

ഏതായാലും കുമ്പനാട്ടെ പ്രാർത്ഥനയും ഉപവാസവും ജനം ഏറ്റെടുത്തു കഴിഞ്ഞു. കുമ്പനാട്ടു കൺവൻഷന്റെ ആദ്യ ദിവസങ്ങളിൽ വരുന്നതിനേക്കാൾ ജനം ഇപ്പോൾ തന്നെ ഉപവാസ പ്രാർത്ഥനക്ക് എത്തുന്നുണ്ട്. സഭയുടെ നവീകരണം എന്നതാണ് പ്രാർത്ഥനയുടെ പ്രഥമ ലക്ഷ്യമെങ്കിലും വ്യക്തിപരമായ രോഗസൗഖ്യങ്ങളും വിടുതലുകളും പന്തലിൽ സംഭവിക്കുന്നു.

സഭയുടെ അസ്ഥയോർത്ത് കരയുവാനും നവീകരണത്തിനായി തങ്ങളെത്തന്നെ താഴ്ത്തി നിലവിളിക്കുവാനും ഒരു സഭ തയ്യാറായാൽ ദൈവം ഇടപെടും എന്നതിന് സംശയമില്ല. പതിനഞ്ച് വർഷം മുമ്പ് ഞാനും എന്റെ ചില സ്നേഹിതരും കൂടെ കോട്ടയത്ത് 12 മണിക്കൂർ നോൺ സ്റ്റോപ്പ് പ്രാർത്ഥന നടത്തി. അന്ന് ഐ.പി.സി വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. "സഭക്കു വേണ്ടി കരയുവാൻ ഒരു ദിവസം" എന്ന് പറഞ്ഞ് ഒരു നോട്ടീസ് അച്ചടിച്ച് കോട്ടയം ഭാഗത്തെ സഭകളിൽ കൊടുത്തു. അന്നത്തെ പ്രാർത്ഥനയിൽ പ്രസംഗം കുറവായിരുന്നു. അദ്ധ്യക്ഷനോ, സാഗതമോ, നന്ദിയോ, അങ്ങനെ ചടങ്ങുകൾ ഒന്നുമില്ലായിരുന്നു. വരുന്നവർ

വരുന്നവർ പ്രാർത്ഥിച്ചു. രാവിലെ പാസ്റ്റർ കെ.സി ചെറിയാൻ പ്രാർത്ഥിച്ചാരംഭിച്ചു. രാത്രി പാസ്റ്റർ ബാബു ചെറിയാൻ അൽപ്പനേരം വചനം ശുശ്രൂഷിച്ചു.

അന്ന് ആ പ്രാർത്ഥന കുമ്പനാട്ടാണ് നടക്കേണ്ടതെന്ന് പലരും അഭിപ്രായം പറഞ്ഞു. അങ്ങനെയൊരു പ്രാർത്ഥന കുമ്പനാട്ട് എന്നെങ്കിലും നടക്കുമോ എന്ന് സ്വപ്നം കാണുവാൻ പറ്റിയിരുന്നില്ല. എന്നാലിപ്പോൾ നാൽപ്പതു ദിവസം ജനം ആവേശത്തോടെ എത്തുന്നു. വലിയ പ്രതീക്ഷയോടെ.

പ്രാർത്ഥന യോഗമെന്നത് പ്രസംഗ യോഗമായി മാറുന്നോ എന്ന് എനിക്ക് സംശയമുണ്ട്. ഈ കഴിഞ്ഞ വെള്ളിയാഴ്ച പതിനൊന്നാം ദിവസം പകൽ ഞാനും പ്രസംഗിച്ചു. കോട്ടയത്തു നടത്തിയ പ്രാർത്ഥനയുടെ കഥ പറഞ്ഞുകൊണ്ടാണ് ഞാൻ ആരംഭിച്ചത്.

എസ്രായുടെ നേതൃത്വത്തിൽ ബാബിലോണിൽ നിന്ന് യെരുശലേമിലേക്ക് മടങ്ങുന്ന പ്രവാസികൾ അഹവ ആറ്റിനരികിൽ മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചതായിരുന്നു എന്റെ പ്രസംഗ വിഷയം.

പ്രവാസത്തിലിരിക്കുന്ന 25 ലക്ഷം ജനം ബാബിലോണിലെ - പേർഷ്യയിലെ - ദൈവപരിപാലനത്തിന്റെ കഥകൾ പറഞ്ഞ് - നന്മകൾ അനുഭവിച്ച് അതാണ് ദൈവീക അനുഗ്രഹം എന്ന് തെറ്റിദ്ധരിച്ച് ജീവിക്കുകയാണ്. മടങ്ങിപ്പോകുവാൻ എസ്രാ ക്ഷണിച്ചപ്പോൾ വെറും 1754 പേർ മാത്രമാണ് ഇറങ്ങിത്തിരിച്ചത്. ഇന്നും ഒരു ന്യൂനപക്ഷത്തിന് മാത്രമെ തങ്ങൾ പ്രവാസികളാണെന്നും തങ്ങൾക്ക് ഒരു മടക്കയാത്ര ഉണ്ടെന്നും ബോധ്യമുള്ളു. പറയുമ്പോൾ ഞങ്ങൾ മോവാബിൽ പ്രവാസം ചെയ്യുന്നതുകൊണ്ടും കേദാർ കൂടാരങ്ങളിൽ പാർക്കുന്നതു കൊണ്ടും ഏറെ കഷ്ടമെന്ന് വീമ്പു പറയും. പക്ഷേ കേദാർ കൂടാരത്തിന്റെ കംഫർട്ട് സോൺ വിട്ട് യെരുശലേം യാത്രയുടെ 1400 കിലോമീറ്റർ നീണ്ട ദുർഘട പാതയിലേക്കിറങ്ങാൻ ആരും തയ്യാറല്ല. ഞങ്ങളുടെ കിന്നരങ്ങൾ അലരി വൃക്ഷത്തിൽ തൂക്കിയിട്ടിരിക്കുകയാണ് കെബാർ നദിയുടെ തീരത്ത് ഞങ്ങൾ എങ്ങനെ പാടും എന്ന് പറയുമെങ്കിലും ബാബേലിന്റെ തീരത്തെ പച്ചപ്പും, ഫലഭൂയിഷ്ഠതയും ആവോളം ആസ്വദിക്കുകയാണ് നാം.

യാത്രക്ക് തയ്യാറായി ഇറങ്ങിയവരെ എസ്രാ ഒരു സൂക്ഷ്മ പരിശോധനക്ക് വിധേയരാക്കി. അപ്പോൾ ഞെട്ടിക്കുന്ന ഒരു സത്യം എസ്രാ ശാസ്ത്രി തിരിച്ചറിഞ്ഞു. പോകാൻ തയ്യാറായി ഇറങ്ങിയവരിൽ ഒരൊറ്റ ലേവ്യൻ പോലുമില്ല. ശുശ്രൂഷക്കായി ദൈവം വേർതിരിച്ച, ദൈവവേലക്കായി സ്വയം സമർപ്പിച്ച ഒരു ലേവ്യനും യാത്രക്ക് വന്നിട്ടില്ല. സാമാന്യ ജനം യാത്രക്ക് തയ്യാറാണെങ്കിലും ശുശ്രൂഷക വൃന്ദം ഇതൊന്നും തങ്ങളെ ബാധിക്കിന്നില്ലെന്ന മട്ടിൽ സ്വസ്ഥമായിരിക്കുകയാണ്. ഇന്നത്തെ പെന്തെക്കോസ്തിന്റെ ഒരു പരിഛേദനമാണ് എസ്രായുടെ കാലത്തെ യിസ്രയേലിന്റെ അവസ്ഥ.

ഉപവാസം കഴിഞ്ഞ് എസ്രയുടെ നേതൃത്വത്തിൽ നാലു മാസം യാത്ര ചെയ്ത് ജനം യെരുശലേമിലെത്തി. അവിടെ നേരത്തെ സെരുബാബേലിന്റെ നേതൃത്വത്തിൽ 80 വർഷം മുൻപ് മടങ്ങിവന്നവർ യെരുശലേം ദേവാലയം പണിത് ആരാധന നടത്തി ജീവിക്കുന്നുണ്ട്.

ബാബേലിൽ നിന്ന് മടങ്ങി വന്ന എസ്രായേയും കൂട്ടരെയും വൻ സ്വീകരണം നൽകി അവർ വരവേറ്റു. ഇരുനൂറോളം മൃഗങ്ങളെ അറുത്ത് ഹോമയാഗം കഴിച്ച് ആഘോഷം പൊടിപൊടിച്ചു. പക്ഷേ ആരാധിച്ചവരുടെ ജീവിതം എപ്രകാരമുള്ളതെന്ന് അടുത്ത ദിവസമണ് എസ്രാ മനസിലാക്കിയത്.

ദൈവം ഏറ്റവുമധികം വെറുക്കുന്ന പാപം ചെയ്ത് അതിൽ ജീവിക്കുന്നവരാണ് ആരാധനക്കാർ. അന്യജാതിക്കാരായ സ്ത്രീകളെ ഭാര്യമാരാക്കി അവരോട് ഇടകലർന്ന് സങ്കര വർഗമായി മറിയവർ ബിലയാമിന്റെ ആശയം നടപ്പിലാക്കിയവരുടെ കൂട്ടം - അവരാണിപ്പോൾ ആലയം ഭരിക്കുന്നത്. അവരാണ് ആരാധന നടത്തുന്നത്. ഇന്നും ലോകവുമായി ഇടകലർന്നുപോയതാണ് പെന്തക്കോസ്തു സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നം. ഈ പ്രശ്നത്തിനാണ് പരിഹാരമുണ്ടാകേണ്ടത്. അതു സംഭവിക്കുന്നില്ലെങ്കിൽ ഈ ഉപവാസ പ്രാർത്ഥന ആത്യന്തികമായി പരാജയമാകും. ഫ്രിജ്ജിലിരിക്കുന്ന തണുത്ത ഭക്ഷണം ഇടയ്ക്കെടുത്ത് ചൂടാക്കുന്ന പ്രക്രിയമാത്രമാണ് ഈ ഉപവാസ പ്രാർത്ഥന. അങ്ങനെ ആകാതിരിക്കട്ടെ.

ജനത്തിന്റെ അവസ്ഥ കണ്ട് എസ്രാ സ്തംഭിച്ച് ഇരുന്നു പോയി. സന്ധ്യായാഗത്തിന്റെ സമയം വരെ അവൻ മിണ്ടാനാവാതെ നിശ്ചലനായിപ്പോയി. ആലയത്തിനകത്തു കയറിയ പാപത്തെ കണ്ട് തോളിൽ കയ്യിടുന്ന നേതാക്കളെയല്ല എസ്രായേപ്പോലെ സ്തംഭിച്ചിരിക്കുന്നവരെയാണ് സഭക്ക് ഇനി ആവശ്യമായിരിക്കുന്നത്.

സ്തംഭിച്ചിരിക്കുക മാത്രമല്ല. എസ്രാ ജനത്തിന്റെ പാപം സ്വന്തം പാപമായി ഏറ്റെടുത്ത് ദൈവസന്നിധിയിൽ കവിണ്ണു വീണു. വിലപിച്ച് കരഞ്ഞ് ക്ഷമ യാചിച്ചു. മാത്രവുമല്ല. കഠിനമായ ശുദ്ധീകരണം നടപ്പിലാക്കി. അന്യജാതിക്കാരായ സ്ത്രീകളെ (ചിലർക്ക് മക്കൾവരെയുണ്ട്) പുറത്താക്കി ജനത്തെ ശുദ്ധീകരണത്തിലേക്ക് നയിച്ചു.

ഉപവാസ പ്രാർത്ഥനകൊണ്ട് ഇത്തരമൊരു ശുദ്ധീകരണം നടക്കണം, അല്ലെങ്കിൽ ഇടകലർന്ന - സങ്കര വർഗത്തെ ദൈവം ന്യായവിധിക്കായി കൈവിട്ടേക്കാം.





**ലോകവുമായി ഇടകലർന്നുപോയതാണ് പെന്തക്കോസ്തു സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നം. ഈ പ്രശ്നത്തിനാണ് പരിഹാരമുണ്ടാകേണ്ടത്. അതു സംഭവിക്കുന്നില്ലെങ്കിൽ ഈ ഉപവാസ പ്രാർത്ഥന ആത്യന്തികമായി പരാജയമാകും. ഫ്രിജ്ജിലിരിക്കുന്ന തണുത്ത ഭക്ഷണം ഇടയ്ക്കെടുത്ത് ചൂടാക്കുന്ന പ്രക്രിയമാത്രമാണ് ഈ ഉപവാസ പ്രാർത്ഥന. അങ്ങനെ ആകാതിരിക്കട്ടെ.**